(ബി) ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ തുടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പരാതിക്കാരന് നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഫയലിൽ ഇനിയുള്ള നടപടിക്രമം വ്യക്തമാക്കാമോ ; ഇതിന്റെ കാലതാമസം ഒഴിവാക്കുമോ ; ബന്ധപ്പെട്ട വില്ലേജിൽ കരം ഒടുക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രീ. മുഹമ്മദ് അഷറഫിന്റെ വസ്തു അളക്കുന്നതിനുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം താലൂക്ക് സർവ്വേയർ മുഖാന്തിരം റീസർവ്വേ പ്രകാരം വസ്തു അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് സർവ്വേയറുടെ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ശ്രീ. മുഹമ്മദ് അഷറഫിന്റെ പട്ടയ ഭൂമി റീസർവ്വേയിൽ പുറമ്പോക്കാക്കി മാറ്റി എന്നതാണ് ആക്ഷേപം. റീസർവ്വേ റിക്കാർഡുപ്രകാരം സ്ഥലം അളന്നു പരിശോധിച്ചതിൽ ഉളിയാഴ്ക വില്ലേജിൽ റീസർവ്വേ 402/8 ൽപ്പെട്ട പുറമ്പോക്ക് സ്ഥലത്തിൽനിന്നും 1.62 ആർ വിസ്തീർണ്ണം ടിയാന്റെ സർവ്വേ നമ്പർ 402/12 ൽപ്പെട്ട പട്ടയഭൂമിയോട് ചേർത്ത് കൈവശം വച്ചിട്ടുള്ളതായി കാണുന്നു.

(സി) പട്ടയഭൂമി പുറമ്പോക്കാക്കിമാറ്റി എന്ന ടിയാളുടെ ആക്ഷേപം പരിശോധിക്കുന്നതിന് ഫയൽ താലൂക്കിലെ എൽ.ആർ.എം. വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. തുടർനടപടി കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ്. പരാതിയിൽ കഴമ്പില്ലാത്ത പക്ഷം അനധികൃതമായി കൈവശം വച്ചിട്ടുള്ള പുറമ്പോക്ക് ഭൂമി ഒഴിപ്പിച്ചെടുക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ ക്വാറികൾ

181 (1214) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈസൻസ് ഇല്ലാതെ പല ക്വാറികളും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികൾ ഏതെല്ലാമാണെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലൈസൻസ് ഇല്ലാതെ പല ക്വാറികളും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ക്വാറികൾക്ക് സ്റ്റോപ് മെമ്മോ നൽകുക, റോയൽറ്റിയും പിഴയും ഈടാക്കുക, പിഴ ഒടുക്കാത്ത ക്വാറികൾക്കെതിരെ കെ.എം.എം.സി. ചട്ടം 2015 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് (തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളുടെ ഹാർഡ് കോപ്പിയും മറ്റു ജില്ലകളുടെ സോഫ്റ്റ് കോപ്പിയും) ഇതോടാപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽപ്പെട്ടാലുടൻ കെ.എം.എം.സി. ചട്ടം 2015 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനാൽ അവയുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.

സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധന

182 (1215) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ നിലവിലെ സംവിധാനം വിശദമാക്കുമോ ;

(ബി) സ്വർണ്ണത്തിന്റെ പരിശുദ്ധി അനുസരിച്ച് (കാരറ്റ്) വില നിശ്ചയിക്കണമെന്ന ചട്ടം പല സ്വർണ്ണക്കടകളും പാലിക്കാറില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് എറണാകുളം ജില്ലയിലെ കാക്കനാട് സ്വർണ്ണ ഗുണമേന്മ പരിശോധനാ ലാബ് ഉണ്ട്. ഇവിടെ രണ്ട് വിധത്തിലുള്ള പരിശോധനകൾ നടത്തിവരുന്നുണ്ട്.

1. X-Ray Fluorescent Spectrometer (XRF) മെഷീൻ ഉപയോഗിച്ചുള്ള നോൺ ഡിസ്ട്രക്റ്റീവ് മെതേഡ് പ്രകാരമുള്ള സ്വർണ്ണ ഗുണമേന്മ നിശ്ചയിക്കൽ.

2. ഫയർ അസ്സേ മെതേഡിൽ അധിഷ്ഠിതമായ ഡിസ്ട്രക്റ്റീവ് മെതേഡ് പ്രകാരമുള്ള ഗുണമേന്മ നിർണ്ണയിക്കൽ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly